**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **12.05.2017-ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 3515**

## പഞ്ഞമാസ സമാശ്വാസ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.എസ്. ശിവകുമാർ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എം. വിൻസെന്റ് | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസ സമാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ, വിശദമാക്കുമോ; | (എ) | ഉണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരമുള്ള ആനുകൂല്യം 2016-17 വർഷം മുതൽ 2700/- രൂപയിൽ നിന്ന് 4500/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 6 മാസ തവണകളായി 250/- രൂപ വീതം പിരിച്ചെടുത്ത് ആകെ 1500/- രൂപ ശേഖരിച്ച് ബാങ്കിലടയ്ക്കുകയും തുല്യ അനുപാതത്തിലുള്ള കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ (1500/- രൂപ വീതം) വിഹിതവും ചേർത്ത് 4500/- രൂപ മൂന്ന് തവണകളായിട്ടാണ് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നത്. മെയ്, ജൂൺ, ജൂലായ് മാസങ്ങളിൽ തീരദേശ മത്സ്യത്തൊഴിലാളികൾക്കും ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും ഈ ആനുകൂല്യം നൽകി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നത്; വിവരിക്കുമോ; | (ബി) | സമ്പാദ്യ സമാശ്വാസ പദ്ധതിയനുസരിച്ച് തീരദേശ മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞ മാസങ്ങളായ മെയ്, ജൂൺ, ജൂലായ് മാസങ്ങളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും 4500/- രൂപ ആനുകൂല്യം നൽകുന്നു. നോഡൽ ബാങ്ക് മുഖേന ഡി.ബി.ടി- വഴിയാണ് മത്സ്യത്തൊഴിലാളികൾക്ക് തുക നൽകി വരുന്നത്. |
| (സി) | പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിന് നിബന്ധനകൾ എന്തെങ്കിലുമുണ്ടോ; എങ്കിൽ എല്ലാ വിഭാഗം മത്സ്യത്തൊഴിലാളികൾക്കും ആനുകൂല്യം നൽകുന്നതിന് നടപടി കൈക്കൊള്ളുമോ? | (സി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പാദ്യ സമാശ്വാസ പദ്ധതിയനുസരിച്ച് മത്സ്യ ബന്ധനം മുഖ്യ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള സജീവ മത്സ്യത്തൊഴിലാളികൾക്കാണ് ആനുകൂല്യം നൽകുന്നത്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള 18-നും 60-നും മദ്ധ്യേ പ്രായമുള്ള മത്സ്യത്തൊഴിലാളികൾ ആനുകൂല്യത്തിന് അർഹരാണ്. |

സെക്ഷൻ ഓഫീസർ